(ബി) എങ്കിൽ ഇത് പ്രതിരോധിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് ആരോഗ്യമേഖലയിൽ പുതുതായി എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽവിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ&ബി) ഉണ്ട്. രോഗം ബാധിച്ച കുട്ടിയെ മെഡിക്കൽ കോളേജിൽ പ്രവേശിച്ച് രോഗം അക്യൂട്ട് ഫ്ളാസിഡ് പരാലിസിസ് ആണെന്നു സ്ഥിരീകരിച്ചതിനു ശേഷം ആ കുട്ടിയുടെ വീടിന് രണ്ടു കിലോമീറ്റർ ചുറ്റളവിലുള്ള എല്ലാ കുട്ടികൾക്കും പോളിയോ തുള്ളിമരുന്ന് നൽകിയിട്ടുണ്ട്. 2000 ഡിസംബർ മാസവും 2001 ജനുവരി മാസവും രാജ്യമൊട്ടുക്ക് നടന്ന പൾസ് പോളിയോ പരിപാടിയിൽ കൊണ്ടോട്ടി ഭാഗത്തുള്ള കുട്ടികൾക്ക് തുള്ളിമരുന്ന് ലഭിച്ചു എന്ന് ഉറപ്പു വരുത്തിയിട്ടുണ്ട്. കൂടാതെ 2001 മാർച്ച് 12 മുതൽ 17 വരെ തുള്ളിമരുന്ന് വിതരണം മോപ്പിംഗ്അപ്പ് പ്രോഗ്രാം വഴി നടത്തുന്നുണ്ട്. ഈ രോഗത്തിന്റെ പ്രതിരോധനടപടികളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിച്ചു. ആരോഗ്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ജനപ്രതിനിധികൾ, മതപണ്ഡിതന്മാർ, വിവിധ ചികിൽസാ വിഭാഗങ്ങളിലെ ജില്ലാ തലവൻമാർ, സർക്കാരിതര സംഘടനാ നേതാക്കൾ, മാധ്യമപ്രതിനിധികൾ മുതലായവരുടെ യോഗം ഡിസംബർ 4ന് വിളിച്ചുകൂട്ടുകയും എല്ലാവിധ സഹകരണങ്ങളും തേടുകയും ചെയ്തു. മലപ്പുറം, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട്, വയനാട് എന്നീ ജില്ലകളിലും തമിഴ്നാട്ടിലെ കോയമ്പത്തൂർ നീലഗിരി ജില്ലകളിലും മോപ്പിംഗ്അപ്പ് പ്രോഗ്രാമിൽക്കൂടി തുള്ളി മരുന്ന് നൽകുന്നതിനുള്ള തയ്യാറെടുപ്പ് നടന്നു വരുന്നു.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ഗുജറാത്തിലെ ഭൂകമ്പത്തെ സംബന്ധിച്ച പഠനം

12 (*11) ശ്രീ. പി. വിശ്വൻ :
ശ്രീ. പി. രാഘവൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുജറാത്തിൽ ഈയിടെ ഉണ്ടായ ഭൂകമ്പത്തിൽപ്പെട്ട മലയാളികളുടെ കഷ്ടനഷ്ടങ്ങളെ സംബന്ധിച്ച് വിലയിരുത്തുന്നതിനായി സർക്കാർ പഠന സംഘത്തെ നിയോഗിച്ചിരുന്നുവോ ; എങ്കിൽ പ്രസ്തുത സംഘത്തിൽ ആരെയൊക്കെയാണ് ഉൾപ്പെടുത്തിയിരുന്നതെന്നു വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പഠനസംഘത്തിന്റെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിരുന്നുവോ ; എങ്കിൽ റിപ്പോർട്ടിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(സി) ഗുജറാത്തിലെ ഭൂകമ്പ ബാധിതപ്രദേശങ്ങളിലെ മലയാളികളെ സംബന്ധിച്ച റിപ്പോർട്ടിന്മേൽ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ഗുജറാത്ത് ഭൂകമ്പ ദുരിതാശ്വാസ ഫണ്ടിലേക്ക് സർക്കാർ എന്തുതുക ഇതിനകം നൽകി എന്ന് വ്യക്തമാക്കുമോ ;

(ഇ) ഗുജറാത്ത് ഭൂകമ്പത്തിൽ ഉറ്റവർ നഷ്ടപ്പെട്ട അനാഥ കുട്ടികളെ ദത്തെടുക്കുന്നതിനായി സർക്കാർ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) ഭൂകമ്പ ബാധിത പ്രദേശങ്ങളിൽ ഏതെങ്കിലും ഗ്രാമമോ, നഗരമോ ദത്തെടുത്ത് പുനരുദ്ധരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ജി) ഭൂകമ്പ ബാധിത പ്രദേശങ്ങളുടെ പുനർ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഗുജറാത്ത് സർക്കാർ എന്തെങ്കിലും സഹായം തേടിയിരുന്നുവോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(എച്ച്) ഗുജറാത്ത് ഭൂകമ്പത്തിൽ പരിക്കേറ്റവരും മരണപ്പെട്ടവരുമായ മലയാളികൾ എത്ര വീതമെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര വീതമെന്ന് വെളിപ്പെടുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) കേരള സർക്കാർ ഗുജറാത്തിലേക്ക് പഠനസംഘത്തെ നിയോഗിച്ചിട്ടില്ല. ഗുജറാത്തിലെ ഭൂകമ്പബാധിതരായ കേരളീയരെ സഹായിക്കുന്നതിനായി സാമൂഹ്യക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. സത്യനാരായണ ഡാഷ്, പോലീസ് ഐ. ജി. ശ്രീ. വേണുഗോപാൽ കെ. നായർ, സംസ്ഥാന പ്രോട്ടോകോൾ ആഫീസർ ശ്രീ. കെ. ഉണ്ണിക്കൃഷ്ണൻ എന്നിവരടങ്ങുന്ന ഒരു ഉദ്യോഗസ്ഥ സംഘത്തെയും അഞ്ചംഗങ്ങളുള്ള ഒരു മെഡിക്കൽ സംഘത്തെയും ഗുജറാത്തിലേക്ക് നിയോഗിക്കുകയുണ്ടായി. ഈ സംഘങ്ങളെ കൂടാതെ, ആരോഗ്യ വകുപ്പുമന്ത്രിയും ആരോഗ്യവകുപ്പ് സെക്രട്ടറിയും ദുരിതാശ്വാസ ബാധിത പ്രദേശങ്ങൾ സന്ദർശിച്ചു.

(ബി) ഗുജറാത്ത് സന്ദർശിച്ച ഉദ്യോഗസ്ഥ സംഘാംഗം ശ്രീ. വേണുഗോപാൽ കെ. നായർ ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആ റിപ്പോർട്ടിൽ, ഗുജറാത്ത് ഭൂകമ്പാനുഭവത്തിന്റെ വെളിച്ചത്തിൽ സംസ്ഥാനത്ത് സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ചാണ് പ്രതിപാദിച്ചിട്ടുള്ളത്. ആരോഗ്യവകുപ്പ് സെക്രട്ടറിയും, ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഭൂകമ്പ ബാധിത മേഖലയിൽ വൈദ്യ ശുശ്രൂഷാരംഗത്ത് സംസ്ഥാന സർക്കാരിന്റെ പ്രത്യേക

LIBRARY ARCHIVES Kerala Legislative Assembly

സംഘത്തിന്റെ സഹായം കൂടുതൽ ആവശ്യമില്ലെന്നും ദുരിതബാധിതർക്ക് താൽക്കാലിക താമസത്തിനായി ടെന്റുകളും കമ്പിളി വസ്ത്രങ്ങളും ആവശ്യമുണ്ടെന്നും തകർന്നുപോയ വീടുകളും റോഡുകളും പുനരുദ്ധരിക്കുന്നതിന് സംസ്ഥാന സർക്കാരിന് പങ്ക് വഹിക്കാവുന്നതാണെന്നും ഇതിനായി ഒരു ഗ്രാമം ദത്തെടുക്കുന്നതിന് ഉദ്ദേശം 5 കോടി രൂപ ചെലവു വരുമെന്നും അനാഥരായ കുട്ടികളുടെ പുനരധിവാസത്തിന് സംസ്ഥാന ശിശുക്ഷേമ സമിതിയുടെ സഹായം ഗുജറാത്ത് ഗവൺമെന്റ് പ്രതീക്ഷിക്കുന്നു ണ്ടെന്നും ആരോഗ്യവകുപ്പ് സെക്രട്ടറിയുടെ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്.

(സി) ഗുജറാത്തിലെ ഭൂകമ്പബാധിതരായ മലയാളികളെ മാത്രം സംബന്ധിച്ച് പ്രത്യേക റിപ്പോർട്ട് ലഭിച്ചിട്ടില്ല. ഗുജറാത്ത് സന്ദർശിച്ച ഉദ്യോഗസ്ഥർ നൽകിയ റിപ്പോർട്ടുകൾ സർക്കാർ പരിശോധിച്ചു വരികയാണ്.

(ഡി) ഗുജറാത്തിലെ ഭൂകമ്പ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 2 കോടി രൂപയും ദുരിതബാധിതർക്ക് ടെന്റ്, കമ്പിളി വസ്ത്രങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനായി 25 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(ഇ&എഫ്) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

(ജി) ഗുജറാത്ത് ഗവൺമെന്റ് സഹായമൊന്നും തേടിയിട്ടില്ല.

(എച്ച്) പരിക്കേറ്റവരുടെ കണക്ക് ലഭിച്ചിട്ടില്ല. 48 പേർ മരിച്ചതായി അനൗദ്യോഗിക കണക്കുകൾ ലഭിച്ചിട്ടുണ്ട്.

റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിലെ കാലതാമസം

13 (*12) ശ്രീ. ടി. കെ. ബാലൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പി.എസ്.സി. അപേക്ഷ ക്ഷണിച്ച് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് കാലതാമസം വേണ്ടിവരുന്നതായുള്ള വസ്തുത സർക്കാരിന്റെ ശ്രദ്ധിയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ കുറവ് പരിഹരിക്കുന്നതിനും അപേക്ഷ ക്ഷണിച്ചതിനുശേഷം ഒരു വർഷത്തിനകം പരീക്ഷ നടത്തുന്നതിനും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനും എന്തെങ്കിലും പുതിയ സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ ഈ ലക്ഷ്യം കൈവരിക്കാനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly